7

# ദാവീദുമായുള്ള ദൈവത്തിന്റെ നിയമം

*" 'യിസ്രായേലിന്റെ ദൈവമായ കർത്താവു അനുഗ്രഹിക്കപ്പെട്ടവൻ, അവൻ തന്റെ ജനത്തെ സന്ദർശിച്ചു ഉദ്ധാരണം ചെയ്കയും തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്കു രക്ഷയുടെ കൊമ്പു ഉയർത്തുകയും ചെയ്തിരിക്കുന്നത് ... നാം ആയുഷ്ക്കാലം ഒക്കെയും ഭയം കൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്കു കൃപ നല്കുമാറാകട്ടെ. അവൻ നമ്മുടെ പിതാവായ അബ്രഹാമിനോടു ചെയ്ത സത്യവും അവന്റെ വിശുദ്ധ നിയമവും ഓർത്തു കൊണ്ടും ആകുന്നു ...' " (ലൂക്കൊസ് 1:68-75).*

യേശു നിറവേറ്റേണ്ടതായ ഒരു വാഗ്ദാനം അടങ്ങിയിരുന്നതാണ് ദൈവം ദാവീദിനോടു ചെയ്ത നിയമം. തന്റെ ജീവിതാവസാനം ദൈവം അവനോടു ചെയ്ത നിയമമാണ് ഇതെന്നു അവൻ പറഞ്ഞു (2 ശമുവേൽ 23:5). യെഹൂദാ ദേശം കുറഞ്ഞു വരുന്ന കാലയളവിനെ കുറിച്ചു പറയുമ്പോൾ 2 ദിനവൃത്താന്തങ്ങൾ 21:7 ലും ഇതു പറയുന്നുണ്ട്, ദൈവ നിയമത്തിന്റെ പ്രസ്താവനകൾ ദാവീദ് സങ്കീർത്തനങ്ങൾ 89-ൽ രേഖപ്പെടുത്തിയിട്ടുണ്ട്:

> "എന്റെ പുത്രനോടു ഞാൻ ഒരു നിയമവും എന്റെ ദാസനായ ദാവീദിനോടു സത്യവും ചെയ്തിരിക്കുന്നു. നിന്റെ സന്തതിയെ ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും നിന്റെ സിംഹാസനത്തെ തലമുറ തലമുറയായി ഉറപ്പിക്കും" (വാക്യം 3).

> "ഞാൻ അവന്നു എന്റെ ദയയെ എന്നേക്കും കാണിക്കും; എന്റെ നിയമം അവനു സ്ഥിരമായി നല്കും, ഞാൻ അവന്റെ സന്തതിയെ ശാശ്വതമായും അവന്റെ സിംഹാസനത്തെ ആകാശമുള്ള കാലത്തോളം നിലനിർത്തും" (വാക്യങ്ങൾ 28, 29).

> "ഞാൻ എന്റെ നിയമത്തെ ലംഘിക്കയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ചെയ്കയില്ല. ഞാൻ എന്റെ വിശുദ്ധിയെക്കൊണ്ടു സത്യം ചെയ്തിരിക്കുന്നു.

> ദാവീദിനോടു ഞാൻ ഭോഷ്ക്ക് പറകയില്ല. അവന്റെ സന്തതി ശാശ്വതമായും അവന്റെ സിംഹാസനം എന്റെ മുന്നിൽ സൂര്യനെ പോലെയും ഇരിക്കും" (വാക്യങ്ങൾ 34-36).

ദാവീദിനോട് നാഥാൻ അവന്റെ രാജ്യത്തിന്റെ സഹിഷ്ണുതാ സ്വഭാവം ഉറപ്പിച്ചു പറയുകയുണ്ടായി (2 ശമുവേൽ 7:13, 16). വാഴുന്നവൻ ബേത്ത്ലഹേമിൽ നിന്നു വരുമെന്നു മീഖാ പ്രവചിച്ചിരുന്നു (മീഖാ 5:2). പുരാതനകാലത്തു മനുഷ്യപുത്രൻ തന്റെ എന്നേക്കുമുള്ള രാജത്വം പ്രാപിക്കേണ്ടതിനു ഇറങ്ങി വരുന്ന ദർശനം ദാനിയേൽ കാണുകയുണ്ടായി (ദാനിയേൽ 7:13, 14). വാഴുന്നവൻ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു വാഴുമെന്ന്, യെശയ്യാവും പറഞ്ഞിട്ടുണ്ട് (യെശയ്യാവു 9:6, 7).

യെഹൂദാ ഗോത്രത്തിൽ, ദാവീദിന്റെ സന്തതിയായി യേശു വരികയും ആ പ്രവചനങ്ങൾ എല്ലാം നിവൃത്തിയാകുകയും ചെയ്തു. യാക്കോബ് തന്റെ മക്കളെ അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദ്യയിൽ നിന്നു നീങ്ങി പോകയില്ല (ഉല്പത്തി 49:10). ദാവീദുമായുള്ള മറ്റു പ്രവചനങ്ങൾ സൂചിപ്പിക്കുന്നത്, അവന്റെ സന്തതികളിൽ നിന്നു ഒരാൾ രാജാവായി തന്റെ ജനത്തെ വാഴും.[1] ദാവീദ് അവരെ വാഴുമ്പോഴുണ്ടായിരുന്ന അവസ്ഥയാണ്.

ഈ പ്രവചനങ്ങളുടെ ബന്ധത്തിൽ ഗബ്രിയേൽ ദൂതൻ ഈ പ്രവചനങ്ങളുമായി ബന്ധപ്പെട്ടു മറിയയോടു പറഞ്ഞു: " 'അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും; അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും, അവന്റെ രാജത്വത്തിനു അവസാനം ഉണ്ടാകയില്ല' " (ലൂക്കൊസ് 1:32, 33).

ഇതെല്ലാം നിറവേറിയത്, യേശു സ്വർഗ്ഗാരോഹണം ചെയ്തു സകലവും അവന്റെ കാല്ക്കീഴിൽ ആയപ്പോൾ[2]. അപ്പോൾ മുതൽ, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നല്കപ്പെട്ട യേശു ആകകൊണ്ട് (മത്തായി 28:18), പാപങ്ങൾ ക്ഷമിച്ചു കിട്ടിയവർ അന്ധകാരത്തിൽ നിന്നും സാത്താന്റെ ഇരുട്ടു നിറഞ്ഞ അവസ്ഥയിൽ നിന്നും യേശുവിന്റെ രാജ്യത്തിലേക്കു പ്രവേശിച്ചിരിക്കുന്നു (പ്രവൃത്തികൾ 2:38; 26:18; കൊലൊസ്യർ 1:13).

യേശുവാകുന്നു മശിഹാ, ക്രിസ്തു (യോഹന്നാൻ 1:41; പ്രവൃത്തികൾ 2:36). ഇപ്പോൾ അവനാണ് വാഴുന്നതു എന്നതിനാൽ, നാം അവനെ അനുസരിക്കണം, അല്ലെങ്കിൽ ഛേദിക്കപ്പെടും (പ്രവൃത്തികൾ 3:23).

ദൈവം ദാവീദിനോടു ചെയ്ത നിയമം യേശുവിൽ ദൈവം നിറവേറ്റി. ഈ നിയമം അനുസരിച്ചു, ദൈവം ഭരണാധികാരിയായ, യേശുവിനെ കൊണ്ടുവന്നു ദൈവ ജനത്തെ വാഴുവാൻ ദാവീദിന്റെ

സിംഹാസനത്തിൽ ഇരുത്തി. യേശുവിനെ അയച്ചുകൊണ്ട് ദൈവം താൻ ചെയ്ത നിയമം പാലിച്ചു.

---

കുറിപ്പുകൾ

[1]നോക്കുക, യിരെമ്യാവ് 23:5; 30:9; 33:15; യെഹെസ്കേൽ 34:23, 24; 37:24, 25; ഹോശേയാ 8:5; സെഖര്യാവു 12:10. [2]നോക്കുക മർക്കൊസ് 16:19; പ്രവൃത്തികൾ 2:34, 35; 1 കൊരിന്ത്യർ 15:27; എഫെസ്യർ 1:19–23; 1 പത്രൊസ് 3:22.

© 2009 Truth for Today